## തിരുവനന്തപുരം, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം.

വിഷയം :- ആ.വ.ഡ - ജില്ലകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ പട്ടിക പുതുക്കി നിശ്ചയിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- ബഹു. ആരോഗ്യവകുപ്പ് ഡയറക്ടറുടെ നിർദ്ദേശം.

## ഉത്തരവ് നം. ഒ&എം 4-1925/2019/ആവഡ തീയതി 22.02.2021

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിലുള്ള ഡോക്ടർമാർക്ക് ജില്ലകളുടെ ചുമതല നൽകി ഉത്തരവായിരുന്നു. പ്രസ്തുത ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം, സ്ഥാനക്കയറ്റം, വിരമിക്കൽ എന്നിവ കണക്കിലെടുത്ത് ഈ ചുമതലകൾ താഴെ വിവരിക്കും വിധം കോവിഡ് പ്രതിരോധം ഊർജ്ജിതപ്പെടുത്തുന്നതിലേക്ക് പുനർ നിശ്ചയിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ലകൾ | ചുമതലയുള്ള ഉദ്യോഗസ്ഥന്റെ പേരും തസ്തികയും | മൊബൈൽ നമ്പർ |
|---|---|---|---|
| 1 | തിരുവനന്തപുരം, കൊല്ലം | ഡോ. ശാന്ത. കെ.കെ<br>ഡെപ്യൂട്ടി ഡയറക്ടർ (മെഡിക്കൽ) | 9446221118 |
| 2 | പത്തനംതിട്ട, കോട്ടയം | ഡോ. മഞ്ജുളാബായി. എൻ.എസ്<br>അസിസ്റ്റന്റ് ഡയറക്ടർ (ORT) | 9447124413 |
| 3 | ആലപ്പുഴ, എറണാകുളം | ഡോ. സൈമൺ മോറിസൺ<br>ഡെപ്യൂട്ടി ഡയറക്ടർ (ഡെന്റൽ) | 9995919664 |
| 4 | ഇടുക്കി, തൃശ്ശൂർ | ഡോ. ദീപ്തി സുരേന്ദ്രൻ<br>മെഡിക്കൽ ആഫീസർ, സ്റ്റേറ്റ് റ്റി.ബി സെൽ | 9995452827 |
| 5 | പാലക്കാട്, കോഴിക്കോട് | ഡോ. ഷീല. എസ്<br>അസിസ്റ്റന്റ് ഡയറക്ടർ (പി.എച്ച്) | 6282123803 |
| 6 | മലപ്പുറം, വയനാട് | ഡോ. നീനാറാണി<br>ഡെപ്യൂട്ടി ഡയറക്ടർ (ഒഫ്ത്താൽമോളജി) | 9446121586 |
| 7 | കണ്ണൂർ, കാസർഗോഡ് | ഡോ. സിന്ധു ശ്രീധരൻ<br>ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ | 9747853056 |

പ്രസ്തുത ഉദ്യോഗസ്ഥർ ജില്ലകളിലെ മീറ്റിംഗുകളിൽ ഓൺലൈനായി പങ്കെടുക്കേണ്ടതും, പ്രവർത്തനങ്ങൾ അവലോകനം ചെയ്യേണ്ടതുമാണ്. ജില്ലകളിൽ അപ്പപ്പോൾ നേരിടുന്ന പ്രശ്നങ്ങൾ അന്നന്നുതന്നെ ആരോഗ്യ വകുപ്പ് ഡയറക്ടറെ അറിയിക്കേണ്ടതും പരിഹാരം

GOVERNMENT OF KERALA 2017-18

തേടേണ്ടതുമാണ്. ജില്ലാ ഭരണാധികാരികൾക്ക് ഏതെങ്കിലും വിഷയത്തിൽ നിർദ്ദേശം നൽകേണ്ട സാഹചര്യമുണ്ടായാൽ, ആരോഗ്യ വകുപ്പ് ഡയറക്ടറുമായി കൂടിയാലോചിച്ച ശേഷം മാത്രം നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

ജില്ലകളിൽ പകർച്ചവ്യാധികൾ, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയവ റിപ്പോർട്ട് ചെയ്താൽ ജില്ലകളിലെ പ്രവർത്തനങ്ങളിൽ അടിയന്തിരമായി ഇടപെടേണ്ടതും അത് സംബന്ധിച്ച റിപ്പോർട്ട് മേലധികാരികൾക്ക് നൽകേണ്ടതും, മേലധികാരികളുടെ നിർദ്ദേശാനുസരണം പ്രവർത്തിക്കേണ്ടതുമാണ്. ജില്ലകളിലെ ദേശീയ ആരോഗ്യ പരിപാടികൾ , ആശുപത്രികളുടെ പ്രവർത്തനം, പകർച്ചവ്യാധി പ്രതിരോധം, ഫീൽഡുതല പ്രവർത്തനങ്ങൾ, ഫണ്ട് വിനിയോഗ നിർമ്മാണ പ്രവർത്തനങ്ങൾ, തസ്തികകളിലെ നിയമനവും ഒഴിവുകളും തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും അവലോകനം ചെയ്ത് ഓരോ ആഴ്ചയിലും വെള്ളിയാഴ്ച 5 മണിക്ക് മുൻപായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകേണ്ടതാണ്.

22/2

ഒപ്പ്/-
**ഡോ. സരിത. ആർ.എൽ**
**ആരോഗ്യ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ജില്ലാ മെഡിക്കൽ ആഫീസർമാർക്കും/വ്യക്തികൾക്കും

പകർപ്പ്:-
1) ആരോഗ്യവകുപ്പ് ഡയറക്ടർ (സി.എ മുഖാന്തിരം)
2) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (സി.എ മുഖാന്തിരം)
3) ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
4) ഫയൽ/കരുതൽ ഫയൽ

//ഉത്തരവിൻപ്രകാരം//

സൂപ്രണ്ട്

ടിഎസ് 22/02/2021

GOVERNMENT OF KERALA 2017-18